**അടിയന്തര പ്രമേയം**

**കുടിവെള്ളക്ഷാമം**

മി. സ്പീക്കർ: കുടിവെള്ളക്ഷാമം സംസ്ഥാനത്തെങ്ങും രൂക്ഷമായിരിക്കുന്ന സാഹചര്യത്തിൽ ജല അതോറിറ്റിയെ നോക്കുകുത്തിയാക്കി സ്വകാര്യ മേഖലയിൽ കുടിവെള്ള കമ്പനിയുണ്ടാക്കാൻ സർക്കാർ എടുത്ത തീരുമാനംമൂലം ജനങ്ങളിലാകെ ഉളവാക്കിയിട്ടുള്ളതായി പറയപ്പെടുന്ന ആശങ്കയും സ്ഥിതിവിശേഷവും സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. ചെന്താമരാക്ഷൻ, വി. എസ്. സുനിൽ കുമാർ, മാത്യൂ റ്റി. തോമസ്, എ. എ. അസീസ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, ഈ വർഷം കാലവർഷം ഗണ്യമായി കുറഞ്ഞു. ആകെ 26 ശതമാനം മഴയുടെ കുറവാണുണ്ടായിരിക്കുന്നത്. ആദ്യം നാല് ജില്ലകളെ വരൾച്ച ബാധിത ജില്ലകളായി പ്രഖ്യാപിച്ചു. തുടർന്ന് കേരളം മുഴുവൻ വരൾച്ച ബാധിത പ്രദേശമായി പ്രഖ്യാപിച്ച് നടപടി സ്വീകരിച്ചിരിക്കുകയാണ്. വരൾച്ചയെപ്പറ്റി ചർച്ച ചെയ്യുന്നതിനായി 23-01-ൽ ചേർന്ന പ്രത്യേക മന്ത്രിസഭാ യോഗത്തിൽ കുറെ തീരുമാനങ്ങളെടുത്തു. അന്ന് 92 കോടി രൂപയ്ക്ക് അടിയന്തര സഹായമെത്തിക്കാനുള്ള തീരുമാനമുണ്ടായി. താല്കാലിക തടയണകൾ നിർമ്മിക്കുന്നതി

നായി 24 കോടി രൂപയും പമ്പ് സെറ്റുകൾ റിപ്പയർ ചെയ്യാനും അത്യാവശ്യ സ്ഥലങ്ങളിൽ പുതിയത് വാങ്ങുന്നതിനുമായി 27 കോടി രൂപയും കുഴൽ കിണറുകൾ നിർമ്മിക്കുന്നതിനായി 13 കോടി രൂപയും അനുവദിച്ചു. മണൽ ചാക്കുകൾ ഉപയോഗിച്ച് തത്കാല ബണ്ടുകൾ നിർമ്മിക്കുന്നതിനായി 22 കോടി രൂപ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന് അനുവദിക്കുകയുണ്ടായി. അതിന്റെ ജി.ഒ 02-02-ൽ തന്നെ ഇറങ്ങി. നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. അതുപോലെ റവന്യൂ ഡിപ്പാർട്ടുമെന്റിൽ നിന്നും അത്യാവശ്യമായ നടപടികൾ സ്വീകരിച്ചു. ആദ്യം 1995 കോടി രൂപയുടെ മെമ്മോറാണ്ടം കേന്ദ്രത്തിൽ സമർപ്പിക്കുകയുണ്ടായി. എല്ലാ ജില്ലകളെയും വരൾച്ചബാധിത ജില്ലകളായി പ്രഖ്യാപിച്ച പശ്ചാത്തലത്തിൽ പുതിയ മെമ്മോറാണ്ടത്തിന് രൂപം നല്കിക്കൊണ്ടിരിക്കുകയാണ്. ഇതിനോടകംതന്നെ ജില്ലാകളക്ടർമാർക്ക് 85 കോടി രൂപ അലോട്ട് ചെയ്യുകയുണ്ടായി. ഇവിടെ ഉന്നയിച്ചിരിക്കുന്ന ഒരു വിഷയം, കുടിവെള്ള പദ്ധതികൾക്കായി വാട്ടർ അതോറിറ്റി വേണ്ടത്ര നടപടികളൊന്നും സ്വീകരിച്ചിട്ടില്ല എന്നതാണ്. എസ്.എൽ.എസ്.സി, കേന്ദ്രത്തിന്റെ സഹായത്തോടെ നടപ്പാക്കുന്ന പദ്ധതിക്ക് 2012-ൽ 260 കോടി രൂപയുടെ അനുമതി നൽകുകയുണ്ടായി. അതുപോലെ ഈ വർഷം 206 കോടി രൂപയുടെ അനുമതി നബാർഡിൽനിന്നും ലഭിക്കുകയുണ്ടായി. ഇത്തരത്തിൽ സത്വരമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടെ സ്വകാര്യ കമ്പനിയെ സംബന്ധിച്ച ഒരു വിഷയം ഉന്നയിക്കപ്പെട്ടു. വാട്ടർ അതോറിറ്റി നടത്തുന്ന പ്രവർത്തനങ്ങൾക്ക് ഒരു കുറവും വരുത്തിക്കൊണ്ടല്ല സ്വകാര്യ കമ്പ

നിയെപ്പറ്റി ആലോചിച്ചിരിക്കുന്നത്. യാതൊരുവിധ കുറവും വരുത്തില്ല. കേരളത്തിൽ ബോട്ടിൽ വെള്ളം ധാരാളമായി ലഭിക്കുന്നുണ്ട്. ഒരു കുപ്പി വെള്ളത്തിന് 15 രൂപയാണ് വില. അത് ഗണ്യമായി കുറച്ചുകൊണ്ട് ജാറുകളിൽ വെള്ളം എത്തിക്കുന്നതിനെപ്പറ്റി മാത്രമേ ആലോചിച്ചിട്ടുള്ളൂ. അല്ലാതെ വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങളിൽ യാതൊരു കുറവും വരുത്തില്ല. ഇന്ന് ഉള്ളതിനെക്കാൾ വർദ്ധിച്ച രീതിയിൽ വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുന്നതാണ്.

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, കേരളത്തിലെ വളരെ രൂക്ഷമായ കുടിവെള്ളക്ഷാമത്തെ സംബന്ധിച്ചാണ് ഈ അടിയന്തരപ്രമേയത്തിൽ ഞാൻ വിശദീകരിക്കുന്നത്. അതിരൂക്ഷമായ പ്രതിസന്ധിയാണ് ഇന്ന് കേരളീയ സമൂഹം കുടിവെള്ളത്തിന്റെ കാര്യത്തിൽ നേരിട്ടുകൊണ്ടിരിക്കുന്നത്. കടുത്ത വേനലാകുമ്പോൾ സ്ഥിതി നിയന്ത്രണാതീതമാകും. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി ഇവിടെ കുറെ കാര്യങ്ങൾ പറഞ്ഞു. സംസ്ഥാനത്തെ വരൾച്ച ബാധിത പ്രദേശമായി പ്രഖ്യാപിച്ചതല്ലാതെ ക്രിയേറ്റീവായി ഒന്നും ചെയ്യാൻ സർക്കാരിന് കഴിയാത്തതിന്റെ ഫലമായാണ് രൂക്ഷമായ ഈ പ്രശ്നമുണ്ടായിട്ടുള്ളത്. കേരളം സമീപകാലത്തൊന്നും കാണാത്ത ഏറ്റവും രൂക്ഷമായ വരൾച്ചയാണ് നേരിടാൻ പോകുന്നത്. ഇത് പരിഹരിക്കാൻ ജാഗ്രതയോടുകൂടിയുള്ള ഒരു സമീപനം സർക്കാർ സ്വീകരിച്ചിട്ടില്ലെന്നാണ് എന്റെ പ്രധാനപ്പെട്ട ആക്ഷേപം. മഴയുടെ ലഭ്യതയിൽ വലിയ കുറവുണ്ടായി എന്നത് ഞാൻ നിഷേധിക്കുന്നില്ല. മഴ ലഭ്യതയിൽ മൺസൂൺ 24 ശതമാനവും കിഴക്കൻ മഴ 33 ശതമാനവും കുറഞ്ഞു എന്നത് യാഥാർത്ഥ്യമാണ്. ബന്ധപ്പെട്ട പ്രശ്ന

ങ്ങൾ പരിഹരിക്കാൻ ഉത്തരവാദപ്പെട്ട ഒരു ഗവൺമെന്റ് എന്ന നിലയിൽ ഈ സർക്കാർ പ്രതികരിച്ചില്ല, പ്രവർത്തിച്ചില്ല എന്നതാണ് ഈ അടിയന്തര പ്രമേയ ത്തിലെ പ്രധാനപ്പെട്ട ആക്ഷേപം. ഈ പ്രതിസന്ധി മുൻകൂട്ടി കണ്ടുകൊണ്ട് ശക്തമായ നടപടി സ്വീകരിക്കണമെന്ന് കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം കൃത്യമായി ഗവൺമെന്റിനെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാ നത്തെ വരൾച്ചാബാധിത സംസ്ഥാനമായി പ്രഖ്യാപിക്കുകയും മന്ത്രിമാർക്ക് ജില്ലയുടെ ചുമതല നിശ്ചയിക്കുകയും ചെയ്തു. പാലക്കാട് ജില്ലയിലും യോഗം ചേർന്ന് മന്ത്രി ഗംഭീര പ്രസംഗം നടത്തിയതിനപ്പുറത്തേയ്ക്ക് ഒന്നുമു ണ്ടായില്ല. ജനങ്ങളുടെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനാവശ്യമായ ശക്തമായ നടപടിയുണ്ടാകണ്ടേ? ഇങ്ങനെ പ്രസംഗങ്ങളിലും പ്രഖ്യാപനങ്ങ ളിലും ഒതുങ്ങുന്നതിനപ്പുറത്ത് കേരളീയ സമൂഹത്തെ ബാധിക്കുന്ന ഈ ഗുരുതരമായ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി ഗവൺമെന്റിന് ഒന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല എന്നതാണ് എന്റെ പ്രധാനപ്പെട്ട ആക്ഷേപം. അത് പരി ഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. മന്ത്രിമാർക്ക് ജില്ലയുടെ ചുമതല കൊടുത്തതുകൊണ്ട് എന്താണ് കാര്യം, ഇതിൽ ഇടപെടണ്ടേ; യോഗം നടത്തി പ്രസംഗിച്ചതുകൊണ്ട് പ്രശ്നം തീരുമോ? പ്രസംഗിച്ചതു കൊണ്ട് പ്രശ്നം തീരുമെങ്കിൽ നമ്മുടെ നാട്ടിൽ ഒരു പ്രശ്നവുമുണ്ടാകില്ല. പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ ശക്തമായ നടപടി സ്വീകരിക്ക ണം. മഴ കുറഞ്ഞതിന്റെ ഭാഗമായി ഡാമുകളിൽ വെള്ളമില്ല. ജലസേചനത്തി നുപോലും വെള്ളമില്ലാത്ത അവസ്ഥയാണ്. കേരളത്തിൽ കൃഷിനാശവും കുടിവെള്ളക്ഷാമവും രൂക്ഷമാവുകയാണ്. കേരളത്തിലെ നെൽവയലുകളായി രുന്നു ശുദ്ധജലം ലഭ്യമാക്കുന്നതിൽ നിർണ്ണായകമായ പങ്ക് വഹിച്ചിരുന്നത്. എട്ടരലക്ഷം ഹെക്ടർ നെൽകൃഷിയുണ്ടായിരുന്നത് ഇപ്പോൾ രണ്ടരലക്ഷമായി

കുറഞ്ഞു. മഴയുടെ ദൗർലഭ്യവും നെൽവയലുകൾ വ്യാപകമായി കുറഞ്ഞതും ശുദ്ധജല ലഭ്യത രൂക്ഷമാക്കുന്ന സ്ഥിതിവിശേഷമുണ്ടാക്കി. കെട്ടിക്കിടക്കുന്ന വലിയ ജലാശയങ്ങൾക്ക് സമാനമായിരുന്നു കേരളത്തിലെ നെൽവയലുകൾ. അതെല്ലാം നികത്തി വെടിപ്പാക്കുകയാണ്. നികത്തിയതെല്ലാം ഈ ഗവൺമെന്റ് അംഗീകരിക്കുന്നതോടുകൂടി ഈ പ്രതിസന്ധി രൂക്ഷമായി മാറുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. നെൽകൃഷി മാറ്റി തോട്ടവിളയാക്കിയതും ജലലഭ്യത കേരളത്തിൽ ഇല്ലാതാക്കിയിട്ടുണ്ട്. ഇത്തവണ നെൽകൃഷി വ്യാപകമായി ഉണങ്ങി നശിച്ചു. നെൽകൃഷിക്ക് ജലം എത്തിക്കേണ്ട ഡാമുകളിൽ വെള്ളമില്ലാത്തതിനാൽ ജലസേചനം നടന്നില്ല. ഗ്രാമങ്ങളിലും പട്ടണങ്ങളിലും രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടും. പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം കേരളത്തിന് ലഭിക്കേണ്ട ജലം ലഭ്യമാക്കുന്നതിൽ വീഴ്ച വരുത്തിയതുകൊണ്ടുമാത്രമാണ് പാലക്കാട് ജില്ലയിൽ നെൽകൃഷി വൻതോതിൽ നശിച്ചത്. ജില്ലയിലെ ശുദ്ധജല വിതരണത്തിൽ നിർണ്ണായക പങ്കുവഹിക്കുന്ന ഭാരതപ്പുഴയിൽ വെള്ളമില്ല. പാലക്കാട് ജില്ല ഭീകരമായ കുടിവെള്ള ക്ഷാമത്തിലേയ്ക്ക് പോകുകയാണ്. ഭാരതപ്പുഴയിൽ വെള്ളമില്ലാതിരിക്കാനുള്ള കാരണമെന്താണ്? പറമ്പിക്കുളം-ആളിയാർ കരാറിന്റെ അടിസ്ഥാനത്തിൽ കേരളത്തിന് വെള്ളം ലഭ്യമായാൽ അത് ഭാരതപ്പുഴയിലൂടെയാണ് ഒഴുകിപ്പോകുക. പാലക്കാട് ജില്ലയുടെ കുടിവെള്ള സ്രോതസാണ് ഭാരതപ്പുഴ. ആളിയാർ കരാറിൽ വെള്ളം കിട്ടാത്തതുകൊണ്ട് ഈ വേനൽകാലത്ത് പാലക്കാട് ജില്ലയിൽ രൂക്ഷമായ പ്രതിസന്ധിയുണ്ടാകും. അത് പരിഹരിക്കുന്നതിനാവശ്യമായ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. അർഹമായ ജലം തമിഴ്നാട്ടിൽനിന്നും ചോദിച്ചുവാങ്ങുന്നതിൽ ഗുരുതരമായ വീഴ്ചയാണ് ഈ സർക്കാർ വരുത്തിയതെന്നാണ് എന്റെ ആക്ഷേപം. നമ്മുടെ

തലസ്ഥാന ജില്ല രൂക്ഷമായ കുടിവെള്ള ക്ഷാമത്തിലേയ്ക്ക് പോകുകയാണ്. തലസ്ഥാന നഗരം കുടിവെള്ളം കിട്ടാതെ വലയും എന്നാണ് സ്ഥിതിഗതികൾ സൂചിപ്പിക്കുന്നത്. അരുവിക്കരയിൽ വെള്ളമില്ല. നെയ്യാർഡാമിൽനിന്ന് വെള്ള മെത്തിക്കാൻ പദ്ധതിയിട്ടെങ്കിലും അത് എങ്ങുമെത്തിയില്ല. പേപ്പാറ ഡാമിൽനിന്ന് ഭീതിദമായ നിലയിലാണ് വെള്ളം താഴ്ന്നുകൊണ്ടിരിക്കുന്നത്. ഇപ്പോഴത്തെ അവസ്ഥയിൽ പരമാവധി മാർച്ച് മാസം അവസാനംവരെ മാത്രമേ വെള്ളമുണ്ടാകൂ. അതുകഴിഞ്ഞാൽ എന്തു ചെയ്യും? കേരള സംസ്ഥാ നത്തിന്റെ തലസ്ഥാന ജില്ലയിൽ ജനങ്ങൾ കുടിവെള്ളത്തിനുവേണ്ടി നെട്ടോട്ട മോടുമെന്നാണ് ഈ വസ്തുതകൾ ചൂണ്ടിക്കാണിക്കുന്നത്. ഇവിടെ അപ്പുറ ത്തിരിക്കുന്ന ആളുകൾ മിനിട്ടിൽ നൂറുതവണ 100 ദിന കർമ്മ പരിപാടിയുടെ മേന്മയെ സംബന്ധിച്ച് സൂചിപ്പിക്കാറുണ്ട്. രണ്ടുവർഷം കഴിയാറായിട്ടും 100 ദിന കർമ്മപരിപാടിയിൽ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. എങ്ങനെയാണ് നമ്മുടെ നാട്ടിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയു ന്നത്? അരുവിക്കരയിൽനിന്ന് നഗരത്തിലേയ്ക്ക് ജലം കൊണ്ടുവരുന്ന പൈപ്പുലൈൻ സ്ഥിരമായി പൊട്ടുന്നതിനാൽ ഉള്ള ജലംപോലും കൃത്യമായി വിതരണം ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റിന് കഴിയുന്നില്ല. തിരുവനന്തപുരം ജില്ലയിലെ ജനങ്ങൾ ഈ വേനൽക്കാലത്ത് കുടിവെള്ളത്തിനുവേണ്ടി നെട്ടോട്ടമോടേണ്ടി വരും. ഇത് പരിഹരിക്കുന്നതിനാ വശ്യമായ നടപടി സ്വീകരിക്കണം. കൊല്ലം ജില്ലയിലെ തെന്മല ഡാമിൽ ഒന്നര മാസത്തേയ്ക്കുള്ള ജലം മാത്രമേയുള്ളൂ. കൃഷിനാശവും അതോടൊപ്പം കുടിവെള്ളക്ഷാമവും അനുഭവപ്പെടും. കൃഷി ആവശ്യത്തിന് വെള്ളം തുറന്നു വിട്ടാൽ കുടിവെള്ള ക്ഷാമം പരിഹരിക്കാം. എന്നാൽ ഇപ്പോൾ വെള്ളമില്ലാത്ത

അവസ്ഥയാണ്. കല്ലടയാറും വറ്റിവരണ്ട സ്ഥിതിയിലാണ്. പ്രശസ്ത ശുദ്ധജല തടാകമായ ശാസ്താംകോട്ട കായലിൽ വെള്ളം കുറഞ്ഞതിനാൽ കൊല്ലം ജില്ലയിൽ രൂക്ഷമായ കുടിവെള്ളക്ഷാമമുണ്ടാകുമെന്നാണ് ഇത് സൂചിപ്പിക്കുന്നത്. ആലപ്പുഴ ജില്ലയിൽ എവിടെ നോക്കിയാലും ജലമുള്ളതാണ്. ആലപ്പുഴ ജില്ലയിലെയും സ്ഥിതി ഗുരുതരമാണ്. കോട്ടയം, പത്തനംതിട്ട ജില്ലകളിലെ സ്ഥിതി രൂക്ഷമാണ്. ഏറ്റവും വലിയ ഡാമുള്ള ഇടുക്കിയിലെ സ്ഥിതി വ്യത്യസ്തമല്ല. എറണാകുളത്തെയും സ്ഥിതി ഇതുതന്നെയാണ്. പറമ്പിക്കുളം ആളിയാർ കരാർ പ്രകാരം ഫെബ്രുവരി 1-ന് ഷോളയാർ ഡാം നിറയ്ക്കണമെന്നാണ്. പാലക്കാട് ജില്ല മാത്രമല്ല തൃശ്ശൂർ ജില്ലയുടെ കുടിവെള്ള സ്രോതസ്സായ ചാലക്കുടി പുഴയിലും ഒരുതുള്ളി വെള്ളമില്ല. എന്താണ് ഈ ഗവൺമെന്റ് ചെയ്യുന്നത്? സുപ്രീംകോടതിയെ സമീപിക്കുമെന്ന കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കണ്ടേ; സുപ്രീംകോടതിയിൽ പോയി തീരുമാനമെടുത്തിട്ട് കുടിവെള്ളക്ഷാമം എന്നാണ് പരിഹരിക്കാൻ കഴിയുന്നത്? കേരളത്തിലെ പ്രധാനപ്പെട്ട ജില്ലയായ തൃശൂർ രൂക്ഷമായ കുടിവെള്ള പ്രതിസന്ധിയിലേയ്ക്ക് പോകുമെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. മലപ്പുറം, കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർഗോഡ് ജില്ലകളിലും ഇന്നുവരെ കാണാത്ത നിലയിലുള്ള വരൾച്ചയും കുടിവെള്ളക്ഷാമവുമാണ് അനുഭവപ്പെടുന്നത്. ഓരോ ജില്ലയ്ക്കും മന്ത്രിമാരെ ചുമതലപ്പെടുത്തിയെങ്കിലും കുടിവെള്ളം കിട്ടാത്ത സ്ഥലങ്ങളിൽ ടാങ്കർ ലോറിയിൽ വെള്ളമെത്തിക്കുന്നതിനാവശ്യമായ നടപടിപോലും സ്വീകരിക്കാൻ കഴിഞ്ഞില്ല എന്നത് ഞാൻ വളരെ ഗൗരവമായി ഉന്നയിക്കുകയാണ്. പാവപ്പെട്ട ജനങ്ങൾക്ക് കുടിവെള്ളംപോലും കൊടുക്കാൻ കഴിയാത്ത ഒരു നാണംകെട്ട ഗവൺമെന്റായി

മാറിയെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഭൂഗർഭ ജലനിരപ്പ് അപകടകരമായ നിലയിൽ താഴ്ന്നുപോയിരിക്കുന്നു. 3 മീറ്റർ മുതൽ 6 മീറ്റർ വരെയാണ് ജലനിരപ്പ് താഴ്ന്നത്. ഏറ്റവും അപകടകരമായ നിലയിൽ ജലനിരപ്പ് താഴ്ന്നത് തിരുവനന്തപുരം ജില്ലയിലാണ്. ഞാൻ നേരത്തെ സൂചിപ്പിച്ച പ്രതിസന്ധി നിലനിൽക്കുന്ന സാഹചര്യത്തിലാണ് ഭൂഗർഭജലത്തിന്റെ കാര്യത്തിൽ തിരുവനന്തപുരം ജില്ലയിൽ ഈ ഗുരുതരാവസ്ഥ നേരിട്ടുകൊണ്ടിരിക്കുന്നത്. പാലക്കാട്, കോട്ടയം, വയനാട്, കാസർഗോഡ് ജില്ലകളിലെയും സ്ഥിതി രൂക്ഷമാണ്. രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന സാഹചര്യത്തിൽ വൻതോതിൽ കുഴൽക്കിണറുകൾ കുഴിക്കുന്നതും അപകടകരമായ അവസ്ഥയാണുണ്ടാക്കിയത്. കുടിവെള്ളത്തിൽ നിറയെ വിഷവസ്തുക്കളാണ്. വിതരണം ചെയ്യുന്ന കുടിവെള്ളത്തിൽ പുഴു, അട്ട, ഈച്ച തുടങ്ങിയ ജീവികളും കലങ്ങിയ വെള്ളവും ഔട്ട് ഓഫ് ഫാഷനായി. ഇപ്പോൾ കുടിവെള്ളത്തിൽ അട്ടയ്ക്കും പുഴുവിനും പിന്നാലെ ചത്ത കുരങ്ങുമുണ്ട്. ഇതുസംബന്ധിച്ച് മന്ത്രി എന്ത് മറുപടിയാണ് പറയാനുള്ളത്; പത്രമാധ്യമങ്ങളിൽ വന്ന പ്രധാനപ്പെട്ട വാർത്തയാണ് ഞാൻ ഉദ്ധരിക്കുന്നത്. ഇതിനുപുറമേ, ഇതെല്ലാം നിസ്സാരമാക്കുന്ന നിലയിലുള്ള രാസവസ്തുക്കളുടെ ക്രമാതീതമായ അളവ് കേരളത്തിലെ കുടിവെള്ളത്തിൽ കാണാൻ തുടങ്ങിയിട്ടുണ്ട്. കോളിഫാം ബാക്ടീരിയയുടെ അളവ് അനുവദനീയമായതിനേക്കാൾ കൂടുതലാണ് കണ്ടുവരുന്നത്. ജനങ്ങളുടെ ജീവന് ഭീഷണി ഉയർത്തുന്ന ഫ്ളൂറൈഡ്, ക്ലോറൈഡ്, പൊട്ടാസ്യം, കാഡ്മിയം, ലിഥിയം, സൾഫേറ്റ്, നൈട്രേറ്റ് എന്നിവയുടെ അനുവദനീയമായ അളവുകൾ ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡിന്റെ മാനദണ്ഡത്തിലുള്ള അളവിന്റെ ഇരട്ടിയിലധികമാണ് കേരളത്തിലെ കുടിവെള്ള

ത്തിൽ കാണുന്നതെന്നാണ് പുറത്തുവന്നിട്ടുള്ള വസ്തുതകൾ. ഇക്കാരണത്താൽ ജനങ്ങൾക്ക് അതിസാരം, ഛർദ്ദി തുടങ്ങിയ അസുഖങ്ങൾക്ക് പുറമേ മാരകമായ കുടൽരോഗങ്ങളും ബാധിക്കുന്നു. ക്യാൻസർ രോഗംപോലും സാധാരണക്കാരെ ബാധിക്കുന്നു. ഇത് പരിഹരിക്കുന്നതിന് ഫലപ്രദമായ നടപടി സ്വീകരിക്കാൻ കേരളത്തിലെ ഗവൺമെന്റിന് കഴിയുന്നില്ല. കുടിവെള്ളം ഈ നിലയിൽ ഗുരുതരമായ പ്രതിസന്ധി ഉണ്ടാക്കുമ്പോൾ ഗവൺമെന്റിന്റെ മന്ത്രി എന്തൊക്കെയോ പറയുന്നതല്ലാതെ അത് പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നില്ല. ജനങ്ങൾക്ക് ന്യായമായ രീതിയിൽ ശുദ്ധജലം എത്തിക്കുന്നതിനുള്ള സംവിധാനമാണ് കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ. വാട്ടർ അതോറിറ്റി പ്രവർത്തിക്കുന്നതോടൊപ്പം തന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ വിശ്വാസത്തിലെടുക്കാൻ ഗവൺമെന്റിന് കഴിയണം. ഇവിടെ എത്രയോ കോടി രൂപ ചെലവഴിച്ചെന്ന് പറയുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഒരുപൈസ പോലും കൊടുത്തിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മുമ്പിലാണ് ജനങ്ങൾ പ്രക്ഷോഭസമരവുമായി വരുന്നത്, മന്ത്രിയുടെ മുമ്പിലേയ്ക്കല്ല. ആ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ വിശ്വാസത്തിലെടുത്ത് അവരെ സഹായിക്കാനും ഈ പ്രതിസന്ധി മറികടക്കുന്നതിനാവശ്യമയ സമീപനം സ്വീകരിക്കാനും സർക്കാർ തയ്യാറാകണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കാൻ തയ്യാറായിരുന്നുവെങ്കിൽ ഈ പ്രതിസന്ധിയുടെ ഭാരം കുറയ്ക്കാൻ കഴിയുമായിരുന്നു. അതിനാവശ്യമായിട്ടുള്ള നടപടി സ്വീകരിച്ചിട്ടില്ല. ജനങ്ങൾക്ക് ശുദ്ധജലം എത്തിക്കുന്നതിൽ മുന്നിൽനിൽക്കേണ്ട സ്ഥാപനമാണ് കേരള വാട്ടർ അതോറിറ്റി. വാട്ടർ അതോറിറ്റിയുടെ പല പദ്ധതികളും കുഴപ്പത്തിലാണ്. പ്രതിസന്ധി മുന്നിൽ കണ്ടുകൊണ്ട് നിലവിലുള്ള പദ്ധതികളുടെ പോരായ്മകൾ

പരിഹരിക്കുന്നതിന് നടപടി എടുക്കേണ്ടതായിരുന്നു. അതുണ്ടായില്ലെന്ന് മാത്ര മല്ല, നിലവിലുള്ള പദ്ധതികളുടെ അപാകതകൾ കൂടുതൽ രൂക്ഷമാക്കുകയാ ണ്. കേരള വാട്ടർ അതോറിറ്റിയെ സഹായിക്കണം. ഈ പ്രതിസന്ധികൾക്കിട യിലും സർക്കാരിന് താൽപ്പര്യം കച്ചവടമാണ്. സ്വകാര്യമേഖലയെ സഹായി ക്കാതെയും വാട്ടർ അതോറിറ്റിക്ക് ദോഷം വരാതെയുമാണ് കമ്പനി രൂപീകരി ച്ചതെന്ന് മന്ത്രി പറഞ്ഞു.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്....... കൺക്ലൂഡ്

ശ്രീ. വി. ചെന്താമരാക്ഷൻ : 31-12-2012-ന് സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് എന്റെ കയ്യിലുണ്ട്. സംസ്ഥാന സർക്കാരിന്റെയും ജല അതോറി റ്റിയുടെയും 49 ശതമാനം ഓഹരി കഴിച്ച് ബാക്കി 51 ശതമാനം സ്വകാര്യകു ത്തക മുതലാളിമാരുടെ കയ്യിലാണ്. കേരളത്തിലെ കുടിവെള്ളമേഖല സ്വകാര്യകുത്തക മുതലാളിമാരെ ഏൽപ്പിച്ചതിന്റെ ക്രെഡിറ്റ് ശ്രീ. പി. ജെ. ജോസഫിന് കിട്ടുമെന്നതിനപ്പുറത്ത് ഈ കമ്പനി രൂക്ഷമായ പ്രശ്നങ്ങൾ കേരളത്തിൽ ഉണ്ടാക്കുമെന്നതിൽ യാതൊരു സംശയവുമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്.......

ശ്രീ. വി. ചെന്താമരാക്ഷൻ: സിയാൽ മോഡൽ കമ്പനി കൊണ്ടുവരുമെ ന്നാണ് സർക്കാർ പ്രഖ്യാപിച്ചിരിക്കുന്നത്. സംസ്ഥാന സർക്കാർ 2008-ൽ പ്രഖ്യാപിച്ച ജലനയത്തിനും കുടിവെള്ള വിതരണം സംബന്ധിച്ച് പുതുക്കിയ കേന്ദ്രസർക്കാർ നയങ്ങൾക്കുമെതിരായാണ് കമ്പനി കൊണ്ടുവരാൻ ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. വി. ചെന്താമരാക്ഷൻ, പ്ലീസ് കൺക്ലൂഡ്....

ശ്രീ. വി. ചെന്താമരാക്ഷൻ : ഭൂമിയും ജലവുമടക്കം എല്ലാ പ്രകൃതിവിഭവങ്ങളും സ്വകാര്യ മൂലധനങ്ങൾക്കും കൊള്ളലാഭത്തിനും അടിയറവയ്ക്കുന്നതിന്റെ ഭാഗമായിട്ടാണ് ഇത്തരം നടപടികൾ സ്വീകരിക്കപ്പെട്ടിട്ടുള്ളതെന്നാണ് എന്റെ ആക്ഷേപം. ശുദ്ധമായ കുടിവെള്ളമെന്നത് ജനങ്ങളുടെ മൗലികാവകാശമാണ്. അത് മിതവും ന്യായവുമായ നിരക്കിൽ ജനങ്ങൾക്ക് നൽകണമെന്നത് ഏതൊരു പരിഷ്കൃത ജനാധിപത്യ ഗവൺമെന്റിന്റെയും ഉത്തരവാദിത്വമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്.......

ശ്രീ. വി. ചെന്താമരാക്ഷൻ : ആ ഉത്തരവാദിത്വത്തിൽ നിന്ന് മാറി കുടിവെള്ളത്തെ പെട്രോൾ, ഡീസൽ, മണ്ണെണ്ണ എന്നതുപോലെ ഒരു കച്ചവടച്ചരക്കാക്കി മാറ്റാനാണ് ഈ സർക്കാർ ശ്രമിക്കുന്നത്. ഇത് ശക്തമായി എതിർക്കപ്പെടേണ്ടതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. വി. ചെന്താമരാക്ഷൻ, പ്ലീസ് കൺക്ലൂഡ്....

ശ്രീ. വി. ചെന്താമരാക്ഷൻ: ഞാൻ ദീർഘിപ്പിക്കുന്നില്ല. രൂക്ഷമായ കുടിവെള്ളക്ഷാമം ഉണ്ടായ ഇക്കാലത്ത് കേന്ദ്രഗവൺമെന്റിന് വരൾച്ചാസഹായത്തിന് നിവേദനം കൊടുത്തു. തെറ്റായ രീതിയിലാണ് നിവേദനം കൊടുത്തത്. 1995 കോടി രൂപയുടെ നഷ്ടമുണ്ടായതാണ്. അതിൽ 1600 കോടി രൂപയും വൈദ്യുതിയുടെ കാര്യമാണ്. കേന്ദ്രഗവൺമെന്റ് നോംസിന്റെ പരിധിയിലത് വരില്ല. ശേഷിക്കുന്നത് കേവലം 395 കോടി രൂപയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. വി. ചെന്താമരാക്ഷൻ, പ്ലീസ് കൺക്ലൂഡ്....

ശ്രീ. വി. ചെന്താമരാക്ഷൻ : നിയമാനുസൃതം പരിശോധിച്ചാൽ വളരെ തുച്ഛമായ തുക മാത്രമേ കിട്ടുകയുള്ളു. കേരളം നേരിടുന്ന രൂക്ഷമായ പ്രതിസന്ധി പരിഹരിക്കാൻ കേന്ദ്രഗവൺമെന്റിൽ നിന്നും സഹായം കിട്ടില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്.......

ശ്രീ. വി. ചെന്താമരാക്ഷൻ : ഒരു മെമ്മോറാണ്ടം പോലും ന്യായമായ രൂപത്തിൽ തയ്യാറാക്കാൻ കഴിയാത്ത ഗവൺമെന്റായി ഈ ഗവൺമെന്റ് മാറി എന്നതാണ് എന്റെ ആക്ഷേപം. കേന്ദ്രവും കേരളവും ഒരേ കക്ഷി ഭരിച്ചാൽ എല്ലാ പ്രശ്നവും തീരുമെന്നും കേരളം സ്വർഗ്ഗമായി മാറുമെന്നുമാണ് പറഞ്ഞത്. എന്നാൽ ഇപ്പോൾ എന്തായി? കേന്ദ്രവും കേരളവും യു.ഡി.എഫ്. ഭരിച്ചിട്ടും യാതൊരു രക്ഷയുമില്ല. വരാൻ പോകുന്ന ദുരിതം കടുത്ത വേനലാകും. ജനം കുടിവെള്ളത്തിന് കൈകാലിട്ടടിക്കും, നെട്ടോട്ടമോടും. ശുദ്ധജലം സുലഭമായി ലഭിക്കുന്ന കേരളത്തിൽ അത് കിട്ടാക്കനിയാക്കി മാറ്റിയതാണ് ഈ ഗവൺമെന്റിന്റെ പ്രവർത്തനഫലം. ഈ ഗവൺമെന്റാണ് അതിന് ഉത്തരവാദി. കാവ്യാത്മകമായി പറഞ്ഞാൽ, അടുത്ത ലോകമഹായുദ്ധം കുടിവെള്ളത്തിനായിരിക്കും............

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്....... യുവർ ടൈം ഈസ് ഓവർ.

ശ്രീ. വി. ചെന്താമരാക്ഷൻ : ഞാൻ അവസാനിപ്പിക്കുകയാണ്. കുടിവെള്ളത്തിനായുള്ള മഹായുദ്ധം കേരളത്തിൽ നിന്ന് തുടങ്ങാതിരിക്കാൻ, രൂക്ഷമായ, ഗൗരവമായ ഈ പ്രശ്നം......

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.......

ശ്രീ. വി. ചെന്താമരാക്ഷൻ : സഭാനടപടി നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

ജലവിഭവ വകുപ്പ് മന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, സംസ്ഥാനത്ത് മഴ കുറഞ്ഞുവെന്നുള്ള വസ്തുത കണക്കിലെടുത്തുവേണം ഇക്കാര്യത്തെ സമീപിക്കാൻ. കിണറുകളും പുഴകളും കുളങ്ങളും വറ്റുന്ന പശ്ചാത്തലത്തിൽ എങ്ങനെ ഈ പ്രതിസന്ധിയെ നേരിടണമെന്ന് കൂട്ടായി ആലോചിക്കേണ്ടിയിരിക്കുന്നു. എല്ലാ ജില്ലകളിലും മന്ത്രിമാർ ജനപ്രതിനിധികളെ വിളിച്ചുകൂട്ടിയാണ് ചർച്ച ചെയ്തിരിക്കുന്നത്. സംസ്ഥാന ഗവൺമെന്റ് ഇതുസംബന്ധിച്ച് അടിയന്തര മന്ത്രിസഭാ യോഗം ചേർന്ന് തീരുമാനമെടുത്തിട്ടുണ്ട്. ഇതിനുള്ള ഫണ്ട് വലിയ വിഷയമാകില്ല. അത്യാവശ്യമുള്ള തുക കൊടുക്കാനാണ് മന്ത്രിസഭായോഗം തീരുമാനിച്ചിരിക്കുന്നത്. പഴയ പൈപ്പുകൾ പൊട്ടി വെള്ളം പോകാതിരിക്കാൻ അത്യാവശ്യമായ കാര്യങ്ങൾ ചെയ്യുവാൻ വാട്ടർ അതോറിറ്റിയെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. തിരുവനന്തപുരം ജില്ലയുടെ കാര്യം പറഞ്ഞു. തിരുവനന്തപുരം ജില്ലയുടെ കണക്കുകളെല്ലാം ഗവൺമെന്റ് എടുത്തിട്ടുണ്ട്. അരുവിക്കരയിൽ നിന്നുള്ള പൈപ്പുലൈൻ പൊട്ടുന്നതിനെപ്പറ്റി പറയുകയുണ്ടായി. അക്കാര്യത്തിൽ ഈ ഗവൺമെന്റ് ശക്തമായ തീരുമാനമെടിത്തിട്ടുണ്ട്. പൈപ്പുലൈൻ മാറാനുള്ള നടപടികൾ സ്വീകരിച്ച് ടെണ്ടർ ചെയ്ത് വർക്ക് നടന്നുകൊണ്ടിരിക്കുകയാണ്. 50 കോടി രൂപയാണ് അതിനുവേണ്ടി മാറ്റിവച്ചിരിക്കുന്നത്. കൊട്ടിയത്തുനിന്നും കൊല്ലത്തേയ്ക്ക് അടിയന്തരമായി ടാങ്കിൽ വെള്ളമെത്തിക്കാൻ വേണ്ടിയുള്ള ടെണ്ടർ നടപടി പൂർത്തിയായിട്ടുണ്ട്. മീനേടം പദ്ധതിയിൽ വെള്ളമുണ്ട്. കൊട്ടിയത്തുനിന്നും പൈപ്പുലൈൻ വഴി വെള്ളം കൊണ്ടുപോയി കുറവ് നികത്താൻ കഴിയും. ശാസ്താംകോട്ട കായലിലേയ്ക്ക് വെള്ളം റീ-ചാർജ് ചെയ്യുന്നതിന്

കല്ലടയാറ്റിൽ നിന്നും കനാൽ തീർക്കുന്നതിനുള്ള നപടികളും സ്വീകരിച്ചിട്ടുണ്ട്. ഓരോ പ്രദേശത്തെയും പ്രത്യേകതകൾ കണക്കിലെടുത്തുകൊണ്ട് ചെയ്യാവുന്ന കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണ്. വെള്ളം പാഴായി പോകാതിരിക്കാനുള്ള താൽക്കാലിക തടയണകൾ എല്ലാ മേഖലയിലും തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്.

സ്വകാര്യ കമ്പനിയെ സംബന്ധിച്ച് ഇവിടെ ഒരു ആശങ്ക പ്രകടിപ്പിക്കുകയുണ്ടായി. വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങളിൽ അൽപ്പംപോലും കുറവുവരുത്താതെ ഉള്ളത് സപ്ലിമെന്റ് ചെയ്യാൻ മാത്രമാണ് സ്വകാര്യ കമ്പനി കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളൂ. ജാറുകളിൽ കുറഞ്ഞ നിരക്കിൽ വെള്ളം കൊടുക്കുക എന്നുള്ളതാണ്. വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ ഓരോന്ന് വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയാണ്. പുതിയതായി 5000 കോടി രൂപയുടെ പദ്ധതി കേന്ദ്ര അർബൻ ഡെവലപ്മെന്റ് വകുപ്പിന് സമർപ്പിച്ചുകഴിഞ്ഞു. അതിനുവേണ്ടിയുള്ള പ്രോജക്ടുകളുമായി വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം ഇന്നുള്ളതിനേക്കാൾ വ്യാപിക്കുന്ന നടപടികളുമായിട്ടാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. കുപ്പിവെള്ള പദ്ധതി നടപ്പിലായിക്കൊണ്ടിരിക്കുകയാണ്. കുടിവെള്ള പദ്ധതി കേരളത്തിന്റെ പല ഭാഗങ്ങളിൽ തുടങ്ങുന്നതാണ്. ഈ രീതിയിൽ നിലവിലുള്ള പദ്ധതികൾ ഓരോന്നായി വാട്ടർ അതോറിറ്റി വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ കുറവുചെയ്യാൻ പോകുന്നുവെന്നുള്ള ആക്ഷേപം ശരിയല്ല.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ജാറിൽ വെള്ളം കൊടുക്കാൻവേണ്ടിയുള്ള കമ്പനിയാണെന്ന് അങ്ങ് മൂന്നാം പ്രാവശ്യമാണ് ഇപ്പോൾ

സഭയിൽ പറയുന്നത്. അങ്ങ് ഇറക്കിയ ഉത്തരവ് എന്റെ കൈയിലുണ്ട്. അതിൽ ഒരു സ്ഥലത്തും ഇത് പറയുന്നില്ല. മറിച്ച് പറയുന്നത് 'A nodal agency for constructing, developing, maintaining and operating community based water filtration and drinking water supply plans across the state of Kerala' എന്നാണ്. കുപ്പിവെള്ളത്തെക്കുറിച്ച് ഓർഡറിൽ ഒരു പരാമർശംപോലുമില്ല.

ശ്രീ. പി. ജെ. ജോസഫ്: സർ, കുപ്പിവെള്ളമെന്നല്ല ഞാൻ പറഞ്ഞത്, ജാറുകളിൽ വെള്ളമെടുക്കുന്ന ഒരു പരിപാടിയേ ഉദ്ദേശിച്ചിട്ടുള്ളൂ. വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ അൽപ്പംപോലും കുറയ്ക്കുകയില്ല. വർദ്ധിപ്പിക്കുകയേയുള്ളൂ.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി):സർ, ഈ കമ്പനി രൂപീകരണത്തെക്കുറിച്ച് ഇതിനുമുമ്പും ചില തെറ്റായ പ്രചരണം നടത്താൻ ശ്രമിച്ചിട്ടുണ്ട്. മറ്റ് സ്ഥാനങ്ങളിൽ നടക്കുന്ന നല്ല പരിപാടികൾ നമ്മുടെ സംസ്ഥാനത്തും വേണം എന്ന് ഞങ്ങൾ ആഗ്രഹിക്കുകയാണ്. നാഷണൽ ഡെവലപ്മെന്റ് കൗൺസിൽ മുഖ്യമന്ത്രിമാരുടെ പ്രസംഗം പരിശോധിച്ച് അവിടെ നടക്കുന്ന നല്ല പരിപാടി നമ്മുടെ സംസ്ഥാനത്തിന് യോജിക്കുന്നതുണ്ടെങ്കിൽ നടത്തണം. കാരണം ഈ ലോകത്ത് നടക്കുന്ന മാറ്റങ്ങൾ നമ്മളും ഉൾക്കൊള്ളണം. വെസ്റ്റ് ബംഗാളിലെ മോഡലാണ് വാട്ടർ സപ്ലൈയുടെ കാര്യത്തിൽ ഞങ്ങൾ എടുത്തിരിക്കുന്നത്. വെസ്റ്റ് ബംഗാളിൽ നല്ല മോഡലുണ്ട്. അതിന്റെ ഡീറ്റെയിൽസ് എന്റെ കൈയിലുണ്ട്. ഡോ. ടി.എം. തോമസ് ഐസക്കിന് വേണമെങ്കിൽ തരാം. പക്ഷേ തുടക്കമെന്ന നിലയിൽ ഞങ്ങൾ ആദ്യത്തെ ഒരു സ്റ്റേജ് മാത്രമേ ഇപ്പോൾ ലക്ഷ്യമിടുന്നുള്ളൂ. അതായത്, ജാറുകളിൽ വെള്ളം കൊടു

ക്കുക, വീടുകളിലല്ല ജാറുകളിൽ വെള്ളം കൊടുക്കുന്നത്. ഇന്ന് ഇപ്പോൾ കുപ്പിവെള്ളത്തിന് ഒരു ലിറ്ററിന് 10 രൂപയും ഒന്നര ലിറ്ററിന് 15 രൂപയുമാണ്. അതിന്റെ 20 ശതമാനത്തിന് കുടിവെള്ളം ജാറുകളിൽ കൊടുക്കാൻ പറ്റുന്ന ഒരു സാഹചര്യം ഉണ്ടാക്കുകയാണ്. വെസ്റ്റ് ബംഗാളിൽ അതിനേക്കാൾ അപ്പു റത്തേയ്ക്കാണ്. ........(ബഹളം)........

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്, യെസ്

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഇത് 2008-ലെയാണ്. ഇപ്പോഴത്തെ ഗവൺമെന്റല്ല. 'Salt Lake City Sector V, West Bengal, type of PPP Model' എന്ന സ്കീമാണ്. കുടിവെള്ളം ഇപ്പോൾ ജാറുകളിൽ കൊടുക്കുന്നത് മാത്രമാണ് നമ്മൾ ഉദ്ദേശിക്കുന്നത്. ഇവിടത്തെ ലക്ഷം വീട്ടിലെ പാവപ്പെട്ട വർക്ക് ഗവൺമെന്റ് പണം ഉപയോഗിച്ച് വെള്ളം കൊടുക്കുന്നതുപോലെ ഫൈവ് സ്റ്റാർ ഹോട്ടലുകൾക്കും അതേ റേറ്റിൽ കൊടുക്കേണ്ടതുണ്ടോ? നിങ്ങൾ അത് പറയൂ. ......(ബഹളം )......

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്, പ്ലീസ്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയട്ടെ.

ശ്രീ. ഉമ്മൻ ചാണ്ടി:സർ, നിങ്ങൾ ഒച്ചവയ്ക്കുന്നത് കൊണ്ടൊന്നും ഞങ്ങൾ ഈ നിലപാട് മാറ്റില്ല. ഞങ്ങൾ വെസ്റ്റ് ബംഗാൾ മോഡലാണ് സ്വീക രിക്കുന്നത്. ഞാൻ ഇതിന്റെ ഡീറ്റെയിൽസ് ഡോ. ടി.എം. തോമസ് ഐസക്കിന് എത്തിച്ചുതരാം. ഞങ്ങൾ ആദ്യത്തെ ഒരു സ്റ്റേജ് മാത്രമേ ഉദ്ദേശി ച്ചുള്ളൂ. വെസ്റ്റ് ബംഗാളിൽ അതിനപ്പുറത്തേയ്ക്ക് പോയിരിക്കുകയാണ്. ആദ്യത്തെ സ്റ്റേജ് വിജയമെന്നുകണ്ടാൽ സെക്കന്റ് സ്റ്റേജിൽ ഇവിടത്തെ സാധാരണക്കാരെ ഒരാളെയും ബാധിക്കാത്ത വിധത്തിൽ ഇൻഡസ്ട്രിയൽ

വാട്ടർ സപ്ലൈയുടെ കാര്യത്തിൽ ഇത് നടപ്പിലാക്കാൻ പറ്റുമോ എന്ന് ഞങ്ങൾ പരീക്ഷിക്കും.

ശ്രീ. എ.കെ. ബാലൻ: സർ, ഇപ്പോൾ വാട്ടർ അതോറിറ്റി ആയിരം ലിറ്റർ വെള്ളം 42 രൂപയ്ക്കാണ് കൊടുക്കുന്നത്. അതായത് ഒരു ലിറ്റർ വെള്ളത്തിന് 4.2 പൈസയ്ക്കാണ് കൊടുക്കുന്നത്. നിലവിലുള്ള ഈ വെള്ളത്തിന്റെ സോഴ്സ് തന്നെയാണ് ഈ കമ്പനി എടുക്കുന്നത്. ആ കമ്പനിക്കാണ് ഈ വെള്ളം പോകുന്നത്. അപ്പോൾ വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള വെള്ളത്തിനാണ് ശോഷണം വരുന്നത്. ആ ആപത്ത് മനസ്സിലാക്കാതെയാണ് 51 ശതമാനം ഈ കമ്പനിക്ക് പോകുന്നത്. വേറെ എവിടെനിന്നാണ് വെള്ളം കിട്ടുന്നത്?

ശ്രീ. ഉമ്മൻ ചാണ്ടി:സർ, ശ്രീ. ബാലൻ, നമ്മുടെ വാട്ടർ സോഴ്സസ് ഇന്ന് ഉപയോഗിക്കുന്നുവെന്നുപറയുന്നത് അതാത് പഞ്ചായത്തുകളിലും മുൻസിപ്പാലിറ്റികളിലും അല്ലെങ്കിൽ മൂന്നോ നാലോ പഞ്ചായത്തുകൾക്കപ്പുറം അതുമല്ലെങ്കിൽ അടുത്ത താലൂക്ക്, ആ ഏരിയയിൽ നിന്നാണ്. ഇത് നമ്മളെ സംബന്ധിച്ചിടത്തോളം നമുക്ക് വാട്ടർ സോഴ്സ് ഏറ്റവും കൂടുതൽ ഉണ്ടെന്ന് ഉറപ്പുവരുത്തുന്ന സ്ഥലത്തേയ്ക്ക് ആക്കാൻ പറ്റും.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, 2014 മാർച്ച് മാസത്തോടുകൂടി പഞ്ചായത്തുകളിലും 2015 മാർച്ച് മാസം 31-ാം തീയതിയോടുകൂടി മുൻസിപ്പാലിറ്റികളിലും 2016 മാർച്ച് മാസത്തോടുകൂടി കോർപ്പറേഷനുകളിലും ഇനി യാതൊരുവിധ പദ്ധതികളും വാട്ടർ അതോറിറ്റി ഏറ്റെടുക്കാൻ പാടില്ല എന്ന് നിർദ്ദേശം കൊടുത്തിട്ട് പുതിയ പദ്ധതികളൊക്കെ ഈ കമ്പനിയെ ഏൽപ്പിക്കാമെന്ന് ഗവൺമെന്റ് തീരുമാനമെടുത്തത് എന്തിനാണ്?

<u>ശ്രീ. ഉമ്മൻ ചാണ്ടി:</u>സർ, അതൊക്കെ വെറും തെറ്റായ ധാരണയാണ്. ഇത് ജാറുകളിൽ വെള്ളം കൊടുക്കുന്നതും ഇൻഡസ്ട്രിയൽ വാട്ടറും മാത്രമാണ്. ഞങ്ങൾ മോഡലാക്കിയിട്ടുള്ളത് വെസ്റ്റ് ബംഗാളിൽ നല്ല നിലയിൽ നടക്കുന്ന പരിപാടിയെയാണ്. ........(ബഹളം).........

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കട്ടെ.

<u>ശ്രീ. ഉമ്മൻ ചാണ്ടി:</u> സർ, അതിന്റെ വിശദമായ വിവരം തരാം. ഒരു കാര്യം ഇവിടെ വാട്ടർ റിസോഴ്സസ് മന്ത്രി ആവർത്തിച്ചുപറഞ്ഞു. ഞാൻ വീണ്ടും ഇവിടെ ആവർത്തിക്കുന്നു, വാട്ടർ അതോറിറ്റിയുടെ ഇപ്പോഴത്തേയും നാളെ നടത്താനുദ്ദേശിക്കുന്ന ഒരു പ്രവർത്തനത്തേയും ഒരു വിധത്തിലും ബാധിക്കാത്ത രീതിയിൽ നമ്മുടെ ക്വാളിറ്റി നിലനിർത്തുന്നതിന്, അർഹിക്കുന്നവർക്ക് വാട്ടർ അതോറിറ്റിയുടെ വെള്ളം കൊടുത്തുകൊണ്ട് പേ ചെയ്യാൻ കഴിവുള്ളവർക്ക് അതിന്റേതായ സോഴ്സ് ഉപയോഗിക്കുക മാത്രമാണ് ചെയ്യുന്നത്. ഈ രാജ്യത്ത് നടക്കുന്ന മാറ്റങ്ങൾ നാം ഉൾക്കൊള്ളുകയും അത് സ്വീകരിക്കുകയും ചെയ്യണം. ഞങ്ങൾ ഈ സ്കീമിനെക്കുറിച്ചുള്ള ഡീറ്റെയിൽസ് പറയാം. അത് നിങ്ങളെകൂടി ബോധ്യപ്പെടുത്താം. പോരേ? ഞങ്ങൾ വാട്ടർ അതോറിറ്റിക്ക് ഒരു തരത്തിലും ദോഷകരമായി ബാധിക്കുന്ന ഒരു നടപടിയും സ്വീകരിക്കില്ല.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ വൻകിടക്കാർക്ക് കൂടുതൽ പൈസ കൊടുത്തുകൊണ്ട് വെള്ളം വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നതെങ്കിൽ വാട്ടർ അതോറിറ്റിയെ ശക്തിപ്പെടുത്തിക്കൊണ്ട് ചെയ്താൽ പോരേ; എന്തിനാണ് അതിന് സ്വകാര്യ കമ്പനി?

ശ്രീ. ഉമ്മൻ ചാണ്ടി:സർ, ഇത് മന്ത്രി ചെയർമാനായിട്ടുള്ള സിയാൽ മോഡൽ കമ്പനിയാണ്. ഇതിന്റെ പൂർണ്ണ നിയന്ത്രണം ഗവൺമെന്റിനാണ്. വകുപ്പുമന്ത്രിയാണ് ഈ കമ്പനിയുടെ ചെയർമാൻ. പൂർണ്ണ നിയന്ത്രണം ഗവൺമെന്റിനാണ്. സിയാൽ മോഡലാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതിനകത്ത് ഒരുതരത്തിലുള്ള പ്രശ്നങ്ങളുമില്ലെന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. .......(ബഹളം).......

ശ്രീ. എ.കെ. ബാലൻ: സർ, വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള സോഴ്സ് ഓഫ് വാട്ടറിനെ ഒരു രൂപത്തിലും ബാധിക്കില്ല എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഉറപ്പുനൽകാൻ പറ്റുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, നിശ്ചയമായിട്ടും ഉറപ്പുതരുന്നു. ...(ബഹളം)..... നിങ്ങൾ ഇല്ലാത്ത ഒരു പ്രശ്നമുണ്ടാക്കുകയാണ്. ഇന്ന് ഏറ്റവും വലിയ പ്രശ്നം കുടിവെള്ളമാണ്. കുടിവെള്ളം എല്ലാവർക്കും പ്രാപ്യമാക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം. ആ ലക്ഷ്യത്തിലേയ്ക്ക് പോകുന്നതിന് പ്രായോഗികമായ ചില നടപടികൾകൂടി വേണം. ആ നടപടിയാണ് ഇന്ന് ഗവൺമെന്റ് സ്വീകരിക്കുന്നത്. അതിന് ആവശ്യമില്ലാത്ത സംശയങ്ങൾ ഉണ്ടാക്കേണ്ടതില്ല. ഞങ്ങൾ നിങ്ങൾ ആരുമായിട്ടും സംസാരിക്കാൻ തയ്യാറാണ്. നിങ്ങൾ ആരേയും ബോധ്യപ്പെടുത്താൻ തയ്യാറാണ്. .....(ബഹളം)......

മി. സ്പീക്കർ: ഇത് അടിയന്തിരപ്രമേയ ചർച്ചയാണ്. ചോദ്യോത്തരമല്ല. യെസ്, യെസ്.

ശ്രീ. ഉമ്മൻ ചാണ്ടി:സർ, ഒന്നും ചെയ്യാൻ സമ്മതിക്കില്ല എന്നു പറഞ്ഞാൽ അത് അംഗീകരിക്കാൻ നിവൃത്തിയില്ല. ....(ബഹളം)..........

മി. സ്പീക്കർ: യെസ് മിനിസ്റ്റർ, അങ്ങേയ്ക്ക് പറയാനുള്ളത് പറയൂ.

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, നിലവിലുള്ള സോഴ്സ് ഒന്നു തന്നെ നഷ്ടപ്പെടുത്തില്ല. ഉള്ള സോഴ്സുകൾ ശക്തിപ്പെടുത്താനുള്ള നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ധാരാളം തടയണകൾ വാട്ടർ സോഴ്സിൽ തീർത്തുകൊണ്ട് ഉള്ള സോഴ്സ് ശക്തിപ്പെടുത്തിക്കൊണ്ട് മുമ്പോട്ടുപോകും. ജല അതോറിറ്റിക്ക് കിട്ടുന്ന ഒരു സോഴ്സിലും കുറവുവരുത്തില്ല. വാട്ടർ അതോറിറ്റിയുടെ ഒരു പ്രവർത്തനവും കുറയുകയുമില്ല. അതുകൊണ്ട് ഇത് സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>മി. സ്പീക്കർ:</u> മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തിര പ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

പ്രതിപക്ഷ നേതാവ് <u>(ശ്രീ. വി. എസ്. അച്ചുതാനന്ദൻ)</u>: സർ, ഇതുസംബന്ധിച്ച് ഒരു ഓർഡറും ഇറക്കിയിട്ടില്ല എന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത്. Formation of Kerala Drinking Water Supply Company Ltd. sanctioned accorded 2012-2013, dated 9-10-2012 from the Managing Director. Kerala Water Authority-യുടെ ഓർഡറാണിത്. ഇതാണ് നടപ്പിലാകാൻ പോകുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വാട്ടർ അതോറിറ്റിയുടെ ചാർജ്ജുള്ള മന്ത്രിയും എന്തുതന്നെപറഞ്ഞാലും ഈ ഓർഡറാണ് നടപ്പിലാക്കാൻ പോകുന്നത്. സഭയെ തെറ്റിദ്ധരിപ്പിച്ചും കബളിപ്പിച്ചും ഇത് നടപ്പിലാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. കുടിവെള്ളംപോലും കേരളത്തിലെ ജനങ്ങൾക്ക് കിട്ടാതാകാൻ പോകുന്നുവെന്ന ഉത്കണ്ഠാജനകമായ സ്ഥിതിയാണ് ഉളവാകുന്നത്. ഇന്ന് അരിക്ക് 54 രൂപ, പച്ചക്കറിക്ക് അതുപോലെതന്നെ വിലയുണ്ട്, ഇലക്ട്രിസിറ്റി ചാർജ്ജും ട്രാൻസ്പോർട്ട് ചാർജ്ജും വർദ്ധിപ്പിച്ചു.

ഇപ്പോൾ കുടിവെള്ളത്തിനും നിങ്ങൾ നിയന്ത്രണം കൊണ്ടുവരാൻ പോകുകയാണ്. അതൊരു കമ്പനിയാക്കി, വലക്കാരൻ വലയുടെ വിസ്തൃതി ചുരുക്കാൻ വേണ്ടി വലിച്ച്, വിസ്തൃതി ചുരുക്കി കിട്ടിയ മീനെല്ലാം വാരിക്കൊണ്ടു പോകുന്നതുപോലെ ഒരു കമ്പനി കൊണ്ടുവന്ന് കേരളത്തിൽ നിന്ന് വെള്ളമെടുത്ത് അതിൽ നിന്ന് കാശുണ്ടാക്കുന്നതിന് കമ്പനിയെ സഹായിക്കാനാണ് വാട്ടർ അതോറിറ്റിയുടെ പേരിൽ ഗവൺമെന്റും സ്വകാര്യ വ്യക്തികളും ചെയ്യാൻ പോകുന്നത്. ഇത് ഒരു കാലത്തും അംഗീകരിക്കാൻ കഴിയില്ല. ഒരു ലിറ്റർ വെള്ളത്തിന് 15 രൂപവരെ പാവപ്പെട്ട ജനങ്ങൾ എവിടെ നിന്ന് കൊടുക്കും? ജനങ്ങളെ പറ്റിക്കാനായി ഓരോ കാര്യവും വരുമ്പോൾ ഓരോ ന്യായങ്ങൾ പറഞ്ഞ് ഞങ്ങൾ വിശദീകരിക്കാം, ഞങ്ങൾ വിശദീകരിക്കാം എന്നു പറയുകയാണ് ചടെയ്യുന്നത്. ഈ വിശദീകരണം കേട്ടുകേട്ട് ഞങ്ങൾ മടുത്തു. കുടിവെള്ളംപോലും കേരളത്തിലെ ജനങ്ങൾക്ക് നൽകാതെ സ്വകാര്യ വ്യക്തികൾക്ക് വിറ്റ് കാശുണ്ടാക്കാനും അതിന്റെ ഓഹരി പറ്റാനുമുള്ള ശ്രമമാണിത്. ഇത് യാതൊരു കാരണവശാലും അംഗീകരിക്കാൻ കഴിയില്ല. ഇതിനെ ശക്തിയായി പ്രതിഷേധിച്ചുകൊണ്ട് ഞങ്ങൾ വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. എസ്. അച്ചുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തു പോയി)

<u>ശ്രീ.. സി. ദിവാകരൻ</u>: സർ, കേരളത്തിലെ ജനങ്ങളെ ബാധിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട വിഷയമാണ് ഇവിടെ അടിയന്തരപ്രമേയമായി അവതരിപ്പിച്ചത്. കുടിവെള്ളത്തിന്റെ പ്രശ്നം ചർച്ച ചെയ്യാതെ പോകുകയാണ്. വരൾച്ചയുടെ ഫലമായി കേരളത്തിലെ കാർഷിക മേഖല തകർന്നു, സമ്പദ്ഘ

ടന തകർന്നു, വിലക്കയറ്റംകൊണ്ട് ജനങ്ങൾ പൊറുതിമുട്ടി. അവസാനം കുടിവെള്ളവുമില്ലാതാകാൻ പോകുകയാണ്. കുടിവെള്ളത്തിനെക്കുറിച്ചുപോലും ചർച്ച ചെയ്യാൻ നിങ്ങൾ സന്നദ്ധത കാണിക്കുന്നില്ല. ഇത് നിർഭാഗ്യകരമാണ്. നമ്മുടെ രാജ്യത്തിന് കുടിവെള്ളത്തിന്റെ കാര്യത്തിൽ രാഷ്ട്രീയമില്ല, ഭരണ-പ്രതിപക്ഷമില്ല, യു.ഡി.എഫ്-.എൽ.ഡി.എഫ് എന്ന വ്യത്യാസമില്ല. പാവപ്പെട്ട ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുക എന്നുപറയുന്നത് ഒരു പരിഷ്കൃത ഗവൺമെന്റിന്റെ പ്രൈമറി ഡ്യൂട്ടിയാണ്. ഇവിടെ കുടിവെള്ളം ലഭ്യമല്ലായെന്ന് ഗവൺമെന്റ് തന്നെ സമ്മതിക്കുന്നു. കുടിവെള്ളത്തിന് ക്ഷാമമുണ്ട്. പദ്ധതികളെല്ലാം പരാജയപ്പെടുന്നു. വാട്ടർ അതോറിറ്റി നോക്കുകുത്തിയായി മാറി. എന്നാൽ വാട്ടർ അതോറിറ്റിയെ ബലപ്പെടുത്താൻ, ശക്തമായി പ്രവർത്തിപ്പിക്കാനുള്ള നിർദ്ദേശങ്ങളാണ് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി സഭയിൽ വയ്ക്കേണ്ടത്. വാട്ടർ അതോറിറ്റിയെ പ്രബലമായി പ്രവർത്തിപ്പിക്കാൻവേണ്ട എല്ലാ സഹായവും ഞങ്ങൾ തരാം. നമുക്ക് ഒന്നിച്ച് സഹകരിക്കാം. നിങ്ങൾ പറയുന്നത് എല്ലാപേരുംകൂടി ആലോചിക്കണമെന്നാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് കമ്പനി രൂപീകരിച്ചു, കമ്പനിയല്ലാതെ വേറെ വഴിയില്ല എന്നാണ്. കമ്പനി എങ്ങനെയാണ് വെള്ളം തരുന്നത്? വാട്ടർ അതോറിറ്റിയ്ക്ക് ഒരു ലിറ്റർ വെള്ളത്തിന്റെ ഉത്പാദനച്ചെലവ് ഇപ്പോൾ 9 പൈസയാണ്. ഇവിടെ പറയുന്ന രീതിയിലാണെങ്കിൽ എങ്ങനെയാണ് ജാറിൽ വെള്ളം കൊടുക്കാൻ കഴിയുന്നത്? ജാറിലെ വെള്ളത്തിന്റെ വിലയെത്ര; അതിന്റെ താരിഫ് ആര് തീരുമാനിക്കുന്നു; അതിന്റെ scientific ways എന്താണ്; കുടിവെള്ളത്തിന് വില നിശ്ചയിക്കുന്നത് എങ്ങനെയാണ്; ആരാണ് വില നിശ്ചയിക്കുന്നത്; എന്ത് മാനദണ്ഡമാണ്; ഇക്കാര്യങ്ങളൊക്കെ തീരുമാനിച്ചിട്ടുണ്ടോ?

വാട്ടർ അതോറിറ്റിയെ ജനങ്ങൾ അംഗീകരിക്കും. കാരണം, വാട്ടർ അതോറിറ്റി ഗവൺമെന്റിന്റേതാണ്. ഗവൺമെന്റ് വിലയിൽ അല്പം കൂട്ടിയാലും ജനങ്ങൾ കൊടുക്കുന്നുണ്ട്. വാട്ടർ അതോറിറ്റി ചാർജ് കൂട്ടിയാലും കൊടുക്കും. പക്ഷെ ഇത് കള്ളക്കച്ചവടം, കുടിവെള്ളം കിട്ടാനില്ലാതെ ആളുകൾ അമ്പരന്ന് നിൽക്കുമ്പോൾ കുടിവെള്ളത്തിനായി ഒരു പ്രൈവറ്റ് കമ്പനി എന്നു പറയുന്നത് ശരിയാണോ? നിങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ പല നയങ്ങളും എതിർക്കുകയല്ലേ; നിങ്ങൾ കേന്ദ്രത്തിന്റെ കോർപ്പറേറ്റീവ് മാനേജ്മെന്റിനെ എതിർക്കുന്ന പാർട്ടിയല്ലേ; നിങ്ങൾ കേരളത്തിന്റെ താല്പര്യത്തിനുവേണ്ടി നിൽക്കേണ്ട ആളുകളല്ലേ; നിങ്ങൾ ശ്രീ. കെ.എം.മാണിയെ പ്രതിനിധീകരിക്കുന്ന ആളല്ലേ; കേരളത്തിലെ കേരളീയരുടെ താല്പര്യമല്ലേ പ്രധാനം? കേരളത്തിലെ ജനങ്ങൾക്ക് കുടിവെള്ളം കൊടുക്കാൻ ബാധ്യസ്ഥനായ മന്ത്രിയും ഗവൺമെന്റും തലതിരിഞ്ഞ നയം സ്വീകരിച്ചിരിക്കുന്നു. നിങ്ങൾ എന്തു ബഹളം വച്ചാലും ഞങ്ങളിത് നടപ്പിലാക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത് ജനാധിപത്യപരമാണോ? ഞങ്ങൾ സഭയ്ക്കകത്തല്ലേ ബഹളം വയ്ക്കുന്നുള്ളൂ, ഞങ്ങൾ ബഹളം വച്ചാലും ഇത് നടപ്പിലാക്കുമെന്നാണോ പറയേണ്ടത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, നിങ്ങളുമായി ചർച്ചചെയ്യാമെന്നും നിങ്ങളുടെ ഏത് നിർദ്ദേശവും സ്വീകരിക്കാമെന്നും പറഞ്ഞതിനുശേഷവും അങ്ങനെ ഒരു നിർദ്ദേശം വയ്ക്കാനോ ചർച്ച ചെയ്യാനോ താല്പര്യമില്ലാതെ ബഹളം വച്ചതുകൊണ്ട് ഞങ്ങൾ പുറകോട്ട് മാറില്ല എന്നാണ് പറഞ്ഞത്. ഞങ്ങൾ ഇതിന്റെ എല്ലാ കാര്യങ്ങളും പരിശോധിച്ച്, പഠിച്ച് വാട്ടർ അതോറിറ്റിയുടെ ഒരു പ്രവർത്തനത്തേയും ബാധിക്കാത്ത വിധത്തിൽ , അൺടാപ്പ്ഡ് ആയിട്ടുള്ള സോഴ്സസിനുള്ളിൽ നിന്നുകൊണ്ട്, വാട്ടർ അതോ

റിറ്റി ഉപയോഗിക്കുന്ന സോഴ്സസ് എന്നുപറയുന്നത് പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലുമാണ്; അല്ലെങ്കിൽ അടുത്ത താലൂക്കുകളിലാണ്. പക്ഷെ ഒരു വിധത്തിലും ടാപ്പ് ചെയ്യാത്ത സോഴ്സസ് ഇന്ന് ദൂരപ്രദേശങ്ങളിലുണ്ട്. അവിടെ ഒരു യൂണിറ്റ് സ്ഥാപിച്ചുകൊണ്ട് വെള്ളം പ്യൂരിഫൈ ചെയ്തെടുത്ത് നമുക്ക് കുറഞ്ഞ വിലയ്ക്ക് ഈ ചൂഷണം അവസാനിപ്പിച്ചുകൊണ്ട് വിതരണം ചെയ്യാൻ സാധിക്കും. അതാണ് വെസ്റ്റ് ബംഗാളിൽ നടക്കുന്നത്. അവിടെ ഇതിനെക്കാളൊക്കെ മുന്നിലാണ്. പക്ഷെ നമ്മൾ വളരെ ചുരുങ്ങിയ തോതിൽ ജാറുകളിൽ തുടങ്ങും. അത് വിജയിച്ചുകഴിഞ്ഞാൽ ഇൻഡസ്ട്രിയൽ വാട്ടർ സപ്ലൈയിലേയ്ക്ക് കൊണ്ടുവന്നാൽ വാട്ടർ അതോറിറ്റി മുഖേന ഇവിടത്തെ മുഴുവൻ പാവപ്പെട്ടവർക്കും സാധാരണക്കാർക്കും വെള്ളം കൊടുക്കാൻ സാധിക്കുന്ന സ്ഥിതിയിലെത്തും. പൈസയുള്ളവരും ആവശ്യമുള്ളവരും ക്വാളിറ്റി വാട്ടർ വാങ്ങട്ടെ. ഇത് നല്ല മോഡലാണ്. ഇന്ത്യയിൽ നടപ്പിലാക്കുന്ന മോഡലാണ്. വെസ്റ്റ് ബംഗാളിന്റെ മോഡലാണ് ഞങ്ങൾ ഇപ്പോൾ എടുത്തിരിക്കുന്നത്.

ശ്രീ. സി. ദിവാകരൻ: സർ, ഞങ്ങൾക്കത് ബോധ്യപ്പെട്ടിട്ടില്ല. നിങ്ങൾക്ക് വളരെ നല്ലതെന്ന് തോന്നിയതുകൊണ്ടാണ് ഇന്ന് രാജ്യം പിടയ്ക്കുന്നത്. ഡീസലിന്റെയും പെട്രോളിന്റെയും വില കമ്പനി നിയന്ത്രിക്കുന്നതാണ് നല്ലതെന്ന് നിങ്ങൾക്ക് തോന്നി. ഇപ്പോൾ ഗവൺമെന്റുമില്ല, കമ്പനിയുമില്ല, ജനങ്ങളെ കൊള്ളയടിക്കുകയാണ്. റിലയൻസിനെ ഓയിൽ ടാപ്പ് ചെയ്യാൻ അനുവദിച്ചു. അതിന്റെ വിവാദമാണ് ഇപ്പോൾ ഇന്ത്യയിൽ നടക്കുന്നത്. ഇപ്പോൾ റിലയൻസാണ് ഡീസലിന്റെ വില തീരുമാനിക്കുന്നത്. അൺടാപ്പ്ഡ് ഏരിയയിൽ വാട്ടർ അതോറിറ്റിക്ക് എന്തുകൊണ്ട് ചെയ്തുകൂടാ; വളരെ മിടുക്കരായ നല്ല എഞ്ചിനീയർമാരുണ്ട്, നല്ല ഇൻഫ്രാസ്ട്രക്ച്ചറുണ്ട്, നമ്മുടെ എഞ്ചിനീ

യർമാരെ ഉപയോഗിച്ച് അൺടാപ്പ്ഡായിട്ടുള്ള ഏരിയകളിൽ വെള്ളം ടാപ്പ് ചെയ്തുകൊണ്ടുള്ള ഒരു പുതിയ പരീക്ഷണം എന്തുകൊണ്ട് നടത്തിക്കൂടാ? വെള്ളമില്ലാതിരിക്കുമ്പോഴാണോ പുതിയ കമ്പനിയുമായി വരുന്നത്? വെള്ളമില്ലാത്ത ഈ അവസരത്തിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കേണ്ട നിങ്ങൾ ഏതോ കാലത്ത് ഏതോ കമ്പനികൾ എവിടെയോ ഇരുന്ന് വെള്ളം ഉത്പാദിപ്പിച്ചുകൊടുക്കുന്ന കാര്യമാണ് പറയുന്നത്. എന്തിനാണ് ഇപ്പോൾ ഇതെടുക്കുന്നത്?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഇത് സിയാൽ മോഡൽ കമ്പനിയാണ്. അതിന്റെ ചെയർമാൻ മന്ത്രിയാണ്. വാട്ടർ അതോറിറ്റിയുടെ അതേ സെറ്റപ്പാണ് ഇതിലുള്ളത്. നെടുമ്പാശ്ശേരി എയർപോർട്ട് നിർമ്മിച്ചപ്പോഴും നിങ്ങൾ ഇതുതന്നെയാണ് പറഞ്ഞത്. പക്ഷെ നെടുമ്പാശ്ശേരി എയർപോർട്ട് ഇന്ന് ഇന്ത്യയ്ക്ക് മാതൃകയാണ്. അതുകൊണ്ട് എല്ലാത്തിനേയും എതിർക്കുക എന്നുള്ള സമീപനം സ്വീകരിക്കരുത്. നിർദ്ദേശങ്ങളുണ്ടെങ്കിൽ ഞങ്ങൾ സ്വീകരിക്കാം, നല്ലതുപറഞ്ഞാൽ ഞങ്ങൾ ഉൾക്കൊള്ളാം. പക്ഷെ ഈ നാട്ടിൽ നടക്കുന്ന നല്ലതൊന്നും കേരളത്തിൽ വേണ്ടെന്നുപറഞ്ഞാൽ അത് അംഗീകരിക്കാൻ സാധ്യമല്ല.

ശ്രീ. സി. ദിവാകരൻ: സർ, വീണ്ടും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഞങ്ങളെ വെല്ലുവിളിക്കുകയാണ്. വിമാനത്താവളമാണോ കുടിവെള്ളം; വിമാനത്താവളത്തെപ്പോലെയാണോ കുടിവെള്ളത്തെ നിങ്ങൾ കാണുന്നത്; വിമാനത്തിൽ കയറി പറക്കുന്നതിനുവേണ്ടി ഒരു എയർപോർട്ട് ഉണ്ടാക്കിയതാണോ സിയാൽ മോഡൽ; ഇനിയെല്ലാം സിയാൽ മോഡലാകാമെന്നാണോ? അങ്ങനെയാണെങ്കിൽ സർക്കാർ ആശുപത്രികളും റവന്യൂ വകുപ്പുമെല്ലാം സിയാൽ മോഡലാക്കി 51% ഷെയറും കൊടുത്താൽ സർക്കാരിന് വേറെ ജോലിയൊ

ന്നുമില്ലല്ലോ; അത് തെറ്റാണ്. കേരളത്തിൽ കുടിവെള്ള വിതരണത്തിനായി സിയാൽ മോഡൽ കമ്പനി രൂപീകരിക്കാൻ സാധ്യമല്ല. നിങ്ങൾ എന്തു ന്യായം പറഞ്ഞാലും ഞങ്ങളത് അംഗീകരിക്കില്ല. ഞങ്ങൾ അതിനെ എതിർക്കുകതന്നെ ചെയ്യും. അതുകൊണ്ട് ഇത് നടപ്പിലാക്കുമെന്നുള്ള പിടിവാശി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉപേക്ഷിക്കണം. ഇത്തരം കാര്യങ്ങൾ നമുക്ക് ഇവിടെ ചർച്ച ചെയ്യാം, ഇന്നുതന്നെ തീരുമാനിക്കാം, നിങ്ങളുടെ ഭാഗം ശരിയാണോയെന്നും ഞങ്ങളുടെ ഭാഗം തെറ്റാണോയെന്നും കേരളം പറയട്ടെ. ആ ചർച്ചയ്ക്ക് തയ്യാറുണ്ടോ; ആ ചർച്ചയാണ് നിങ്ങൾ തടഞ്ഞത്. ഒരു പ്രധാനപ്പെട്ട വിഷയം, ചർച്ച ചെയ്യാൻ പോലും സമ്മതിക്കാതെ നിങ്ങൾ പുതിയ പുതിയ കാര്യങ്ങൾ പറയുന്നത് നിർഭാഗ്യകരമാണ്. കുടിവെള്ളത്തിനുവേണ്ടി ജനങ്ങൾ കാത്തിരിക്കുകയാണ്. പുറത്തിറങ്ങി നടന്നാലേ അതിനെക്കുറിച്ച് അറിയാൻ കഴിയൂ. സ്കൂളുകളെല്ലാം അടയ്ക്കാൻ പോകുകയാണ്, ആശുപത്രികളിൽ വെള്ളമില്ല, പൊതുടാപ്പുകളിൽ വെള്ളമില്ല.....

മി. സ്പീക്കർ: ശ്രീ. സി. ദിവാകരൻ,.....

ശ്രീ. സി. ദിവാകരൻ: സർ, ഈ വിഷയം എത്ര പറഞ്ഞാലും തീരാത്തതാണ്. കുടിവെള്ളമില്ലാത്ത കാര്യം സഭയിലല്ലാതെ എവിടെയാണ് പറയേണ്ടത്? ഞാൻ നിയമസഭാംഗമാണ്. ജനങ്ങൾക്ക് കുടിവെള്ളം കിട്ടാത്ത കാര്യം എവിടെപ്പോയി പറയണം?

മി. സ്പീക്കർ: സഭയിൽ കാര്യങ്ങൾ അവതരിപ്പിക്കുന്നതിന് ചില ചട്ടങ്ങളും നിയമങ്ങളുമുണ്ട്.

ശ്രീ. സി. ദിവാകരൻ: ഇവിടെയിരിക്കുന്ന എം.എൽ.എ.-മാരുടെ മണ്ഡലത്തിലെ ജനങ്ങൾക്ക് കുടിവെള്ളം കിട്ടുന്നുണ്ടോ എന്ന് അവർ പറയട്ടെ. കുടിവെള്ളത്തിനുവേണ്ടി യുദ്ധകാലാടിസ്ഥാനത്തിൽ ഒരു സംവിധാനമുണ്ടാ

ക്കണം. അതിനായി ഒരു സംവിധാനമുണ്ടാക്കാതെയും ചർച്ച ചെയ്യാതെയുമി രിക്കുന്നത് നിർഭാഗ്യകരമാണ്. അതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. ദിവാകരനും അദ്ദേഹ ത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. മാത്യു റ്റി. തോമസ്: സർ, സംസ്ഥാനത്ത് കാലവർഷവും തുലാ വർഷവും വേണ്ടത്ര ലഭിക്കാതെ പോയതിന് ഞാൻ ഈ സർക്കാരിനെ കുറ്റ പ്പെടുത്തുകയില്ല. പക്ഷെ പ്രശ്നം അതല്ല. കുടിവെള്ളക്ഷാമം രൂക്ഷമാകു മെന്ന മുന്നറിയിപ്പ് ദുരന്തനിവാരണ അതോറിറ്റിയും കാലാവസ്ഥാ നിരീക്ഷണ കേന്ദ്രവും മുൻകൂട്ടി നൽകിയിട്ടും വരാൻപോകുന്ന ആപത്തിനെ അഭിമുഖീക രിക്കാനാവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ എന്നുള്ള താണ് പ്രശ്നം. ജില്ലാതലത്തിൽ അവലോകന യോഗങ്ങൾ നടത്തി പണം കൊടുത്തുവെന്ന് പറഞ്ഞാൽ, പല സ്ഥലത്തും ഇതുവരെ പണം എത്തിയി ട്ടില്ല. വാട്ടർ അതോറിറ്റിയുടെ ഡിവിഷണൽ ഓഫീസിൽ നിന്നും കൊടുത്തി ട്ടുള്ള പ്രൊപ്പോസലുകൾക്ക് ജില്ലാ കളക്ടർമാർ ഇതുവരെ ഭരണാനുമതി കൊടുത്തിട്ടില്ല. പ്രശ്നം അതിന്റെ രൂക്ഷതയിലെത്തിക്കഴിഞ്ഞശേഷവും ഭര ണാനുമതി ലഭിക്കാതെ, പണികൾ നടത്താതെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ അടക്കമുള്ളവ പ്രൊപ്പോസലുകൾ മാത്രമായി നിന്നുപോകുന്നത് മുൻകൂട്ടി കിട്ടിയ മുന്നറിയിപ്പുകളെല്ലാം ഗൗരവമായി എടുക്കുന്നതിൽ ഗവൺമെന്റ് വീഴ്ച വരുത്തി എന്നതുതന്നെയാണ് സൂചിപ്പിക്കുന്നത്. ഇത് കുടിവെള്ള ത്തിന്റെ പ്രശ്നമാണ്. കുടിവെള്ളത്തെപ്പോലും വാണിജ്യവത്ക്കരിക്കുന്ന ഒരു നയം സംസ്ഥാന സർക്കാർ അംഗീകരിച്ചുകൊടുത്തിരിക്കുന്നു എന്നതാണ് ഇവിടത്തെ പ്രശ്നം. പുതിയ കമ്പനി രൂപീകരിച്ചുകൊണ്ട് സംസ്ഥാനത്തെ

പുതിയ പ്രോജക്ടുകളെല്ലാം കമ്പനിവഴി നടപ്പാക്കണമെന്ന ആശയം ഒരു ഉത്തരവിലൂടെ പുറപ്പെടുവിച്ചിരിക്കുകയാണ്. പഞ്ചായത്തുകളിൽ 2014 മാർച്ചിനുമുമ്പും മുനിസിപ്പാലിറ്റികളിൽ 2015 മാർച്ചിനുമുമ്പും കോർപ്പറേഷനുകളിൽ 2016 മാർച്ചിനുമുമ്പും പദ്ധതികൾ നടപ്പിലാക്കാൻ ഈ കമ്പനികൾ ശ്രമിക്കണമെന്നാണ് ഓർഡറിൽ പറയുന്നത്. അവസാന വാചകമായി ഈ ഓർഡറിൽ പറയുന്നത്, The Company shall ensure 100% coverage of portable drinking water in the State within a time frame of four years on a self-sustainable basis എന്നാണ്. പോർട്ടബിളായിട്ടുള്ള കുടിവെള്ള വിതരണത്തിന്റെ നൂറ് ശതമാനവും ഈ കമ്പനി ഉറപ്പുവരുത്തണമെന്ന് സർക്കാർ ഉത്തരവിലൂടെ പറഞ്ഞിരിക്കുകയാണ്. സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ഏജൻസികളടക്കമുള്ള മറ്റെല്ലാ ഏജൻസികളും കുടിവെള്ള വിതരണത്തിൽ നിന്ന് പിന്മാറാനുള്ള പരോക്ഷമായ സൂചനയാണ് കൊടുത്തുകൊണ്ടിരിക്കുന്നത്. എന്താണിത് ചൂണ്ടിക്കാണിക്കുന്നത്? വാട്ടർ അതോറിറ്റി ഇപ്പോൾ ഉപയോഗിക്കുന്ന സ്രോതസ്സുകളല്ലാതെ പുത്തൻ സ്രോതസ്സുകൾ കണ്ടെത്താനാകുമോ? പുതിയ സ്രോതസ്സുകൾ കണ്ടെത്തിയാൽത്തന്നെ അത് ജനങ്ങൾക്ക് എത്തിച്ചുകൊടുക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ വാട്ടർ അതോറിറ്റിക്ക് കഴിയുകയില്ലേ? സ്രോതസ്സുകളിൽ ജലമില്ലാത്ത അവസ്ഥയിലും ഉള്ള സ്രോതസ്സുതന്നെ കമ്പനികൾക്ക് വിട്ടുകൊടുക്കുന്ന തലതിരിഞ്ഞ ഒരു നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. വാട്ടർ അതോറിറ്റി ഇപ്പോൾ പല സ്ഥലത്തും പുതിയ ആശയങ്ങളും പുതിയ പ്രോജക്ടുകളും രൂപപ്പെടുത്തുന്നുണ്ട്. ജനങ്ങളുടെ ഇടയിൽ വെള്ളത്തിന്റെ ഉപയോഗം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്, പ്രത്യേകിച്ചും നഗരവൽകൃത പ്രദേശങ്ങ

ളിൽ. ദശാബ്ദങ്ങൾ മുന്നിൽക്കണ്ടുകൊണ്ട് ആരംഭിച്ച പദ്ധതികളിലെല്ലാം ജലമില്ലാത്ത അവസ്ഥ നിലവിലുണ്ട്. വാട്ടർ അതോറിറ്റിയുടെ നിലവിലിരിക്കുന്ന പ്രോജക്ടുകൾക്കുപോലും ആവശ്യമായ ജലം ഇപ്പോൾ ലഭിക്കുന്നില്ല. അപ്പോൾ ഉള്ള സ്രോതസ്സുകൂടി കമ്പനികൾക്ക് വിട്ടുകൊടുത്തുകൊണ്ട് ഈ പ്രശ്നത്തെ എങ്ങനെ അഭിമുഖീകരിക്കാൻ കഴിയും? സംസ്ഥാനത്ത് കുടിവെള്ളം ഒരു ഉപഭോഗ വസ്തുവായി, കമ്മോഡിറ്റിയായി മാറാൻ പാടില്ല. അതുപയോഗിച്ച് ലാഭമുണ്ടാക്കാൻ സ്വകാര്യ കുത്തകകൾക്ക് അവസരമുണ്ടാക്കിക്കൊടുക്കാൻ പാടില്ല. കുടിവെള്ളത്തെപ്പറ്റിയുള്ള നമ്മുടെ സമീപനം അതായിരിക്കണം. ജനങ്ങൾക്ക് ജീവിതം നിലനിർത്താൻ അത്യാവശ്യംവേണ്ടുന്ന ഒരു പ്രകൃതി വിഭവമായി കുടിവെള്ളത്തെ കാണുന്നതിനുപകരം അതുപയോഗിച്ച് ലാഭമുണ്ടാക്കാനുള്ള ഒരു വാണിജ്യ സംസ്ക്കാരം അവിടേയ്ക്കും കടത്തിവിടുന്ന സംസ്ഥാന സർക്കാറിന്റെ നിലപാട് അങ്ങേയറ്റം പ്രതിഷേധാർഹമാണ്. കമ്പനി രൂപീകരിച്ച് കുടിവെള്ള വിതരണത്തെപ്പോലും വാണിജ്യവത്ക്കരിക്കുന്ന നിലപാട് അങ്ങേയറ്റം പ്രതിഷേധാർഹമാണ്. കേരളത്തിലെ ജനങ്ങൾ അതിനെ അംഗീകരിക്കുകയില്ല. അതോടൊപ്പംതന്നെ ഇപ്പോൾ രൂക്ഷമായിരിക്കുന്ന കുടിവെള്ളപ്രശ്നവും വരൾച്ചയും അഭിമുഖീകരിക്കാൻ കൂടുതൽ ഫലപ്രദമായ നടപടികൾ സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. ഈ വിഷയം ചർച്ച ചെയ്യുവാൻ ഗവൺമെന്റ് സന്നദ്ധത കാട്ടേണ്ടിയിരുന്നു. ആ സന്നദ്ധത പ്രകടിപ്പിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മാത്യു റ്റി. തോമസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. എ. എ. അസീസ്: സർ, കുടിവെള്ളപ്രശ്നം അതിരൂക്ഷമായിരിക്കുന്ന ഒരു സാഹചര്യത്തിലാണ് ഈ വിഷയം അടിയന്തപ്രമേയമായി ഇവിടെ അവതരിപ്പിച്ചത്. കുടിവെള്ളപ്രശ്നം പരിഹരിക്കാൻ വാട്ടർ അതോറിറ്റിക്കും ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിനുമെല്ലാം കോടികൾ അനുവദിച്ചുകൊടുത്തുവെന്നാണ് ബഹുമാനപ്പെട്ട മന്ത്രി മറുപടിയിൽ പറഞ്ഞത്. പക്ഷെ അത് പ്രായോഗിക തലത്തിൽ വന്നിട്ടില്ല. ജില്ലാതലത്തിൽ എം.എൽ.എ.-മാരെയും ജനപ്രതിനിധികളെയുമെല്ലാം പങ്കെടുപ്പിച്ചുകൊണ്ടുള്ള ചർച്ചകൾ നടന്നുവെങ്കിലും എടുത്ത തീരുമാനങ്ങളൊന്നും പ്രാവർത്തികമാക്കിയിട്ടില്ല. എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോയെന്ന് തീരുമാനങ്ങളെടുക്കുന്നതിന് നേതൃത്വം നൽകിയ മന്ത്രിമാർ പരിശോധിച്ചിട്ടുണ്ടോ എന്ന കാര്യവും സംശയാസ്പദമാണ്. ഓരോ ജില്ലയുടേയും ചാർജ്ജ് ഓരോ മന്ത്രിമാർക്ക് നൽകി എന്നാണ് പറയുന്നത്. മന്ത്രിമാർ ചേർന്ന് തീരുമാനങ്ങൾ എടുത്താൽ മാത്രം മതിയോ; അതിന്റെ ഇംപ്ലിമെന്റേഷൻ പരിശോധിച്ചിട്ടുണ്ടോ? ഇംപ്ലിമെന്റേഷൻ നടന്നിട്ടില്ല എന്ന ആരോപണമാണ് ഞാൻ ഉന്നയിക്കുന്നത്. കൊല്ലം ജില്ലയിൽ എടുത്തിട്ടുള്ള തീരുമാനമൊന്നും നടപ്പായിട്ടില്ല. അവിടെ ചില പൈപ്പ് ലൈനുകൾ സ്ഥാപിക്കണം, പുതുതായി ട്യൂബ് വെല്ലുകളും ബോർവെല്ലും കുഴിക്കണം. അതുപോലെ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിന് കുഴിക്കുന്നതിനാവശ്യമായ റിഗ്ഗുകളില്ല. അവിടെയുള്ള നാല് റിഗ്ഗുകളിൽ രണ്ടെണ്ണം തകരാറിലായിക്കിടക്കുകയാണ്. ബാക്കിയുള്ള രണ്ടെണ്ണംകൊണ്ട് വരൾച്ചാ കാലഘട്ടത്തിൽ ട്യൂബ് വെല്ലുകൾ കുഴിക്കാൻ കഴിയില്ല. അടിയന്തരമായി അതിന് പരിഹാരം കാണണം. പരിഹാരം കാണുന്നതിനായി സ്വകാര്യ ഉടമകളിൽ നിന്ന് റിഗ്ഗുകൾ വാടകയ്ക്കെടുക്കണം. വരൾച്ചാ കാലഘട്ടങ്ങളിൽ കൈവശമുള്ള റിഗ്ഗുകൾകൊണ്ട് പുതുതായി കുഴിക്കാൻ കഴിയുന്നില്ലായെങ്കിൽ വാടകയ്ക്ക്

എടുക്കണം. കഴിഞ്ഞ കാലത്തെല്ലാം അങ്ങനെയാണ് ചെയ്തത്. അത്തരം കാര്യങ്ങളൊന്നും ചർച്ച ചെയ്തിട്ടില്ലെന്ന് മാത്രമല്ല, ചർച്ച ചെയ്തിട്ടുണ്ടെങ്കിൽപ്പോലും അത് തീരുമാനമായി നടപ്പാക്കിയിട്ടില്ല. ടാങ്കറുകളിൽ വെള്ളമെത്തിക്കണമെന്ന് റവന്യൂ ഡിപ്പാർട്ടുമെന്റ് തീരുമാനിച്ചുവെങ്കിലും വരൾച്ച അതിരൂക്ഷമായ പ്രദേശങ്ങളിൽ ടാങ്കർ ലോറികളിൽ വെള്ളമെത്തിക്കുന്നില്ല. ഇതിന് ചുമതലപ്പെട്ടവർ തഹസീൽദാർമാരാണ്. ഒരു തഹസീൽദാർ പറഞ്ഞത്, "മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കളക്ടറേറ്റിൽ വച്ച് ഡി.ഡി.സി. തീരുമാനിച്ചതാണ്, മന്ത്രിക്കും കളക്ടർക്കുമെല്ലാം പറയാം, പക്ഷേ. പണമില്ലാതെ ഞാനെന്തുചെയ്യാനാണ്? ഇവിടെ അതിനുള്ള ഉത്തരവൊന്നും കിട്ടിയിട്ടില്ല. എന്റെ കൈവശം കാശൊന്നുമില്ല. കാശ് കിട്ടിയാലല്ലേ എനിക്ക് ടാങ്കർ ലോറിയിൽ വെള്ളമെത്തിക്കാൻ കഴിയൂ" എന്നാണ്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ഇതിന്റെ ഇംപ്ലിമെന്റേഷൻ പരിശോധിക്കാൻ ഓരോ ജില്ലകളിലും നിയോഗിക്കപ്പെട്ട ബഹുമാനപ്പെട്ട മന്ത്രിമാർ തയ്യാറാകണം. തീരുമാനമെടുക്കാനും തീരുമാനമെടുത്ത് പത്രത്തിൽ വാർത്തയുണ്ടാക്കാനും എളുപ്പമാണ്. അതുപോലെതന്നെ സിയാൽ മോഡൽ സ്വകാര്യ കമ്പനിയെ സംബന്ധിച്ചിറങ്ങിയ ഉത്തരവ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കണ്ടില്ലെന്നാണ് എനിക്ക് തോന്നുന്നത്. കുറ്റം പറഞ്ഞിട്ട് കാര്യമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരവ് കണ്ടിരുന്നുവെങ്കിൽ ഇത്തരത്തിൽ മറുപടി പറയുമായിരുന്നില്ല. പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും കാലാവധി നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവാണിറക്കിയിരിക്കുന്നത്. അങ്ങനെയൊന്നുമില്ല, ഒന്നും സംഭവിക്കാൻ പോകുന്നില്ല എന്നാണ് മുഖ്യമന്ത്രി ഇവിടെ പറഞ്ഞത്. അത് യഥാർത്ഥത്തിൽ അങ്ങ് പരിശോധിക്കണം. ഗവൺമെന്റ് ഇറക്കിയിട്ടുള്ള

ഉത്തരവ് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. സിയാൽ മോഡൽ കമ്പനി ബംഗാൾ മോഡലാണെന്ന് പറഞ്ഞു. അവിടെയാണ് സംശയം. ബംഗാളിൽ എവിടെ നിന്നാണ് വെള്ളമെടുക്കുന്നത്? ബംഗാളും കേരളവുമായി താരതമ്യപഠനം നടത്തിയാൽ, എവിടെ നിന്നെല്ലാമാണ് കേരളത്തിൽ വെള്ളം സംഭരിക്കാൻ കഴിയുന്നത്, ബംഗാളിൽ എവിടെ നിന്നെല്ലാം സംഭരിച്ചാണ് സിയാൽ മോഡൽ കമ്പനി നടപ്പാക്കിയിരിക്കുന്നത് എന്നത് സംബന്ധിച്ച് ഒരു പഠനം നടത്തണ്ടേ? പഠനം നടത്തിയതിനുശേഷമാണോ ഇത് ചെയ്യുന്നത്? ബംഗാൾ മോഡൽ ബംഗാൾ മോഡൽ എന്നുപറഞ്ഞാൽ ഞങ്ങൾ സ്വാഗതം ചെയ്യുമെന്നാണോ? അതുകൊണ്ട് ഇക്കാര്യം ചർച്ച ചെയ്യാൻ തയ്യാറാകാത്ത ഗവൺമെന്റ് നയത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എ.എ. അസീസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. തോമസ് ചാണ്ടി: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ ഒന്നു-രണ്ട് കാര്യങ്ങൾ കൊണ്ടുവരാനുണ്ട്. എന്റെ മണ്ഡലത്തിൽ രണ്ട് പ്രോജക്ടുകൾ പൂർത്തിയായിട്ടുണ്ട്. 65 മില്യൻ ലിറ്റർ ശുദ്ധജലം ഒരു ദിവസം ഉത്പാദിപ്പിച്ച് ആലപ്പുഴ പട്ടണത്തിനും ആലപ്പുഴ ജില്ലയിലെ കുറേ പഞ്ചായത്തുകൾക്കും കൊടുക്കുന്ന ഒരു പദ്ധതിയാണ്. അത് എപ്പോൾ തുരുമ്പുപിടിച്ചെന്നു ചോദിച്ചാൽ മതി. ഇന്നുവരെ വെള്ളം കൊണ്ടുവരുന്ന പൈപ്പ്ലൈൻ ടെൻഡർ ചെയ്തിട്ടില്ല. ഒന്നും ചെയ്തിട്ടില്ല. എന്റെ മണ്ഡലത്തിൽ ഞാൻ കയ്യിൽ നിന്ന് കാശ് കൊടുത്ത് പെട്ടന്ന് നടപ്പാക്കാൻ വേണ്ടി ചെയ്ത ഒരു പ്രോജക്ട് ആറാമത്തെ വർഷവും ഇഴഞ്ഞ് ഇഴഞ്ഞ് നീങ്ങു

ന്നുണ്ട്. ഇതൊക്കെ യുദ്ധകാലാടിസ്ഥാനത്തിൽ ചെയ്യാൻ ഗവൺമെന്റ് വിചാരിച്ചാൽ നടക്കില്ലേ? ഇനിയെങ്കിലും ഇത് ചെയ്യേണ്ട കാലം കഴിഞ്ഞിരിക്കുകയാണ്. എഞ്ചിനിയർമാർ തോന്നുമ്പോൾ കോൺട്രാക്ടർമാർക്ക് കൊടുത്ത്, കോൺട്രാക്ടർമാർ കാശിനായി നടന്ന് കിട്ടാതെ വരുമ്പോൾ അവരും പണി ഉഴപ്പും. കാട്ടിലെ തടി തേവരുടെ ആന വലിയെടാ വലിയെന്ന രീതിയിൽ ഈ പദ്ധതി പോയിക്കൊണ്ടിരിക്കുകയാണ്. കുട്ടനാടിന്റെ പ്രശ്നം, രണ്ട് കൃഷി ഉണ്ടാക്കാൻ വേണ്ടി തണ്ണീർമുക്കം ബണ്ട് അടച്ചിട്ടിരിക്കുകയാണ്. ഈ വിഷവെള്ളം പുറത്തേയ്ക്ക് പോകുന്നില്ല. പമ്പാനദിയും അച്ചൻകോവിലാറും മണിമലയാറുമൊക്കെ കവിഞ്ഞൊഴുകിയാൽ ഈ വെള്ളം മുഴുവൻ അറേബ്യൻ കടലിലേയ്ക്ക് പോകേണ്ടതാണ്. അതിപ്പോൾ പിടിച്ചിട്ടിരിക്കുകയാണ്. അങ്ങനെ വന്നാൽ വിഷവെള്ളം കുടിച്ച് മനുഷ്യരെല്ലാം മരിച്ചുപോകും. അതുകൊണ്ട് എനിക്കഭ്യർത്ഥിക്കാനുള്ളത് യുദ്ധകാലടിസ്ഥാനത്തിൽ, പണി തീരാനുള്ള പദ്ധതികൾ തീർത്ത് അടുത്ത മഴയ്ക്ക് മുമ്പ്, വിഷവെള്ളമെല്ലാം അറേബ്യൻ സമുദ്രത്തിൽ ഒഴുകിപ്പോകുന്നതിന് മുമ്പ് ഇതുപയോഗിക്കാൻ അങ്ങേയ്ക്ക് ദയവുണ്ടാകണം, അയിടന്തരനടപടിയുണ്ടാകണം. ഇതിവിടെ ചർച്ച ചെയ്യേണ്ടതായിരുന്നു. ചർച്ച ചെയ്യാത്ത ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. തോമസ് ചാണ്ടി സഭവിട്ട് പുറത്തുപോയി; സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ ഹാജരായി)